# PSC Boat Driver - Kerala State Water Transport Examination Previous Year Question Paper

***Exam Name:* Boat Driver - Kerala State Water Transport**

***Date of Test : 04.12.2015***

***Question Paper Code: 223/2015***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 223/2015-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരള നിയമസഭയുടെ ഇപ്പോഴത്തെ സ്പീക്കർ :
   (A) ജി. കാർത്തികേയൻ
   (B) ബി. വിജയകുമാർ
   (C) പി.സി. ജോർജ്ജ്
   (D) എൻ. ശക്തൻ

2. ഇന്ത്യയിൽ ആദ്യമായി '4G' മൊബൈൽ സർവ്വീസ് ആരംഭിച്ച സെല്ലുലാർ കമ്പനി :
   (A) ഐഡിയ
   (B) വോഡഫോൺ
   (C) എയർടെൽ
   (D) ബി.എസ്.എൻ.എൽ.

3. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് എത്ര അടിയാക്കണമെന്നാണ് സുപ്രീംകോടതി വിധിച്ചത്?
   (A) 148 അടി
   (B) 146 അടി
   (C) 145 അടി
   (D) 142 അടി

4. കേരളത്തിലെ ആദ്യ മോണോ റെയിൽ പദ്ധതി നിലവിൽ വരുന്ന നഗരങ്ങൾ :
   (A) തിരുവനന്തപുരം, കൊച്ചി
   (B) കോഴിക്കോട്, കൊച്ചി
   (C) തിരുവനന്തപുരം, കൊല്ലം
   (D) തിരുവനന്തപുരം, കോഴിക്കോട്

5. കേരള സംസ്ഥാന മുന്നാക്ക വികസന കോർപ്പറേഷന്റെ പുതിയ പേര് :
   (A) സമുന്നതി
   (B) ഉഷസ്സ്
   (C) സുകൃതം
   (D) സംസ്കൃതി

6. വലിപ്പത്തിൽ ലോകത്തിൽ ഇന്ത്യയുടെ സ്ഥാനം :
   (A) 7
   (B) 5
   (C) 6
   (D) 3

7. ഇന്ത്യയുടെ അയൽരാജ്യങ്ങളിൽ ഏറ്റവും വലുത് :
   (A) മ്യാൻമർ
   (B) ഭൂട്ടാൻ
   (C) ചൈന
   (D) പാകിസ്ഥാൻ

8. ഭൂമിശാസ്ത്രപരമായ സവിശേഷതയുടെ അടിസ്ഥാനത്തിൽ ഇന്ത്യ ഏത് വിഭാഗത്തിൽ പെടുന്നു?
   (A) ഉപദ്വീപ്
   (B) ദ്വീപ്
   (C) പീഠഭൂമി
   (D) ഭൂഖണ്ഡം



Join PSC WhatsApp Broadcast List : 90747 20773

9. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിൽ മുന്നിൽ നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനം :
   (A) കേരളം (B) ഒറീസ്സ
   (C) തമിഴ്നാട് (D) ഗുജറാത്ത്

10. ഇന്ത്യയിലെ ഏറ്റവും പ്രാചീനമായ വ്യവസായം :
   (A) ഇരുമ്പ്-ഉരുക്ക് (B) തുണി
   (C) ചണം (D) പഞ്ചസാര

11. ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണ കേന്ദ്രം :
   (A) കണ്ട്ല (B) കൊച്ചി
   (C) മുംബൈ (D) കൊൽക്കത്ത

12. ലോകത്തിലെ ഏറ്റവും വലിയ തപാൽ ശൃംഖലയുള്ള രാജ്യം :
   (A) ഇന്ത്യ (B) റഷ്യ
   (C) ചൈന (D) ജപ്പാൻ

13. ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്ത് കാണപ്പെടുന്ന കടൽ :
   (A) മെഡിറ്ററേനിയൻ കടൽ (B) കാസ്പിയൻ കടൽ
   (C) അറബിക്കടൽ (D) ബംഗാൾ ഉൾക്കടൽ

14. ഏറ്റവും കൂടുതൽ ഇന്ത്യൻ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന രാജ്യം :
   (A) ബംഗ്ലാദേശ് (B) പാക്കിസ്ഥാൻ
   (C) നേപ്പാൾ (D) ഭൂട്ടാൻ

15. സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾക്ക് പറയുന്ന പേര് :
   (A) ദേശീയപാത (B) സംസ്ഥാനപാത
   (C) ജില്ലാ റോഡുകൾ (D) ഗ്രാമീണ റോഡുകൾ

16. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിയ്ക്കുക' എന്ന മുദ്രാവാക്യം ഏത് സമരവുമായി ബന്ധപ്പെട്ടതാണ്?
   (A) നിയമലംഘന പ്രക്ഷോഭം (B) ക്വിറ്റ് ഇന്ത്യാ സമരം
   (C) ചമ്പാരൻ സത്യാഗ്രഹം (D) നിസ്സഹകരണ പ്രസ്ഥാനം

17. ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിൽ സംഘടിപ്പിച്ച മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യൻ നേതാവ് :
   (A) ബി.ആർ. അംബേദ്കർ (B) മഹാത്മാഗാന്ധി
   (C) സുഭാഷ് ചന്ദ്രബോസ് (D) രാജാറാം മോഹൻ റോയ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

18. ഐ.എൻ.എ.യുടെ വനിതാ വിഭാഗം നേതാവ് :

(A) അരുണ അസഫലി
(B) ക്യാപ്റ്റൻ ലക്ഷ്മി
(C) സരോജിനി നായിഡു
(D) വിജയലക്ഷ്മി പണ്ഡിറ്റ്

19. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഗാന്ധിയൻ കാലഘട്ടം എന്നറിയപ്പെടുന്നത് :

(A) 1919-1947
(B) 1925-1947
(C) 1885-1947
(D) 1915-1947

20. 'സ്വരാജ്യം എന്റെ ജന്മാവകാശമാണ് ഞാനത് നേടുക തന്നെ ചെയ്യും' എന്ന് പ്രഖ്യാപിച്ച സ്വാതന്ത്ര്യസമര നേതാവ് :

(A) ഗോപാല കൃഷ്ണ ഗോഖലെ
(B) വിപിൻ ചന്ദ്രപാൽ
(C) ബാലഗംഗാധര തിലക്
(D) സുഭാഷ് ചന്ദ്രബോസ്

21. ഇന്ത്യയിലെ തിയോസഫിക്കൽ സൊസൈറ്റിയുടെ പ്രധാന പ്രവർത്തക :

(A) മാഡം കാമ
(B) ആനി ബസന്റ്
(C) സരോജിനി നായിഡു
(D) വിജയലക്ഷ്മി പണ്ഡിറ്റ്

22. കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച സാമൂഹ്യപരിഷ്ക്കർത്താവ് ആര്?

(A) സ്വാമി വിവേകാനന്ദൻ
(B) ദയാനന്ദ സരസ്വതി
(C) രാജാറാം മോഹൻ റോയ്
(D) രാമകൃഷ്ണ പരമഹംസൻ

23. സംസ്ഥാന പുനഃസംഘടനാ നിയമം നിലവിൽ വന്ന വർഷം :

(A) 1947
(B) 1950
(C) 1952
(D) 1956

24. ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനം :

(A) കേരളം
(B) തമിഴ്നാട്
(C) ആന്ധ്രാപ്രദേശ്
(D) കർണ്ണാടകം

25. ജനഹിത പരിശോധനയിലൂടെ ഇന്ത്യൻ യൂണിയനിൽ ചേർന്ന നാട്ടുരാജ്യം :

(A) കാശ്മീർ
(B) ഹൈദരാബാദ്
(C) ജുനഗഡ്
(D) ബംഗാൾ

26. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങളുടെ എണ്ണം :

(A) 5
(B) 6
(C) 7
(D) 8



Join PSC WhatsApp Broadcast List : 90747 20773

27. മൗലിക കടമകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയ പ്രധാനമന്ത്രി :
(A) ജവഹർലാൽ നെഹ്റു
(B) മൊറാർജി ദേശായി
(C) ലാൽ ബഹദൂർ ശാസ്ത്രി
(D) ഇന്ദിരാഗാന്ധി

28. 'ജനഗണമന' ആലപിക്കാൻ ആവശ്യമായ സമയം :
(A) 48 സെക്കന്റ്
(B) 50 സെക്കന്റ്
(C) 52 സെക്കന്റ്
(D) 54 സെക്കന്റ്

29. ഇന്ത്യൻ ദേശീയപതാകയുടെ നീളവും വീതിയും തമ്മിലുള്ള അംശബന്ധം :
(A) 1 : 3
(B) 2 : 3
(C) 3 : 2
(D) 3 : 1

30. ദേശീയ മുദ്രയിൽ കാണപ്പെടാത്ത മൃഗം :
(A) സിംഹം
(B) കാള
(C) കടുവ
(D) ആന

31. അശോകചക്രം അറിയപ്പെടുന്ന മറ്റൊരു പേര് :
(A) ധർമ്മചക്രം
(B) നീതിചക്രം
(C) ബുദ്ധചക്രം
(D) ശിലാചക്രം

32. ഇന്ത്യയുടെ ദേശീയഗീതമായ 'വന്ദേമാതരം' രചിച്ചിരിക്കുന്ന ഭാഷ :
(A) മലയാളം
(B) ബംഗാളി
(C) ഹിന്ദി
(D) സംസ്കൃതം

33. ദേശീയ മനുഷ്യാവകാശ കമ്മീഷനെ നിയമിക്കുന്നത് ആര്?
(A) പ്രധാനമന്ത്രി
(B) പ്രസിഡന്റ്
(C) ലോക്സഭാ സ്പീക്കർ
(D) സുപ്രീംകോടതി ചീഫ് ജസ്റ്റീസ്

34. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം :
(A) മുംബൈ
(B) മദ്രാസ്
(C) കൊൽക്കത്ത
(D) ന്യൂഡൽഹി

35. വിവരാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ മറുപടി നൽകണം?
(A) 7 ദിവസം
(B) 15 ദിവസം
(C) 30 ദിവസം
(D) 45 ദിവസം



Join PSC WhatsApp Broadcast List : 90747 20773

36. കേരളത്തിലെ കോർപ്പറേഷനുകളുടെ എണ്ണം :

(A) 3 (B) 5

(C) 8 (D) 15

37. കേരളത്തിലെ ഏത് നദിയിലാണ് ഏറ്റവും കൂടുതൽ അണക്കെട്ടുകൾ നിർമ്മിച്ചിരിക്കുന്നത്?

(A) പെരിയാർ (B) ഭാരതപ്പുഴ

(C) പമ്പ (D) ചാലക്കുടിപ്പുഴ

38. കേരളത്തിലെ ഏത് ജില്ലയിലൂടെയാണ് ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്നത്?

(A) ഇടുക്കി (B) ആലപ്പുഴ

(C) കാസർഗോഡ് (D) കോഴിക്കോട്

39. തണ്ണീർമുക്കം ബണ്ട് സ്ഥിതിചെയ്യുന്നത് ഏത് കായലിലാണ്?

(A) അഷ്ടമുടി (B) വേമ്പനാട്

(C) ശാസ്താംകോട്ട (D) വെള്ളായണി

40. കേരളത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതം :

(A) പെരിയാർ (B) നെയ്യാർ

(C) പറമ്പിക്കുളം (D) ചെന്തരുണി

41. കേരളത്തിലെ ആകെ ദേശീയോദ്യാനങ്ങളുടെ എണ്ണം :

(A) 2 (B) 3

(C) 4 (D) 5

42. കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി :

(A) ചെങ്കുളം (B) പള്ളിവാസൽ

(C) ഇടുക്കി (D) ശബരിഗിരി

43. കേരളത്തിൽ ആദ്യമായി തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച സ്ഥലം :

(A) വിഴിഞ്ഞം (B) കാപ്പാട്

(C) കൊച്ചി (D) ആലപ്പുഴ

44. കേരള തീരത്തുനിന്നും ഏറ്റവും കൂടുതൽ ലഭിക്കുന്ന മത്സ്യം :

(A) അയല (B) ചൂര

(C) മത്തി (D) കരിമീൻ



Join PSC WhatsApp Broadcast List : 90747 20773

45. കേരള കായിക ദിനമായി ആചരിക്കുന്ന ദിവസം :

(A) ഒക്ടോബർ 13 (B) ഡിസംബർ 13

(C) ഒക്ടോബർ 10 (D) ഡിസംബർ 10

46. ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലം :

(A) ശിവഗിരി (B) കിളിമാനൂർ

(C) അരുവിപ്പുറം (D) ചെമ്പഴന്തി

47. സാധു ജന പരിപാലന സംഘത്തിന്റെ സ്ഥാപകൻ ആര്?

(A) അയ്യങ്കാളി (B) ശ്രീനാരായണ ഗുരു

(C) ചട്ടമ്പി സ്വാമി (D) വാഗ്ഭടാനന്ദൻ

48. കേരളത്തിലെ എബ്രഹാം ലിങ്കൺ എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവ് :

(A) സഹോദരൻ അയ്യപ്പൻ (B) കുമാരഗുരുദേവൻ

(C) പണ്ഡിറ്റ് കറുപ്പൻ (D) ശ്രീനാരായണ ഗുരു

49. എവിടെയാണ് ചട്ടമ്പി സ്വാമി സ്മാരകം സ്ഥിതിചെയ്യുന്നത്?

(A) ശിവഗിരി (B) പന്മന

(C) വൈക്കം (D) തോന്നയ്ക്കൽ

50. 'അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക്' എന്ന നാടകത്തിന്റെ രചയിതാവ് :

(A) വി.ടി. ഭട്ടതിരിപ്പാട് (B) കുമാരനാശാൻ

(C) സഹോദരൻ അയ്യപ്പൻ (D) വാഗ്ഭടാനന്ദൻ

51. കേരളത്തിൽ 'താലികെട്ട് കല്യാണം' എന്ന ശൈശവ വിവാഹം നിർത്തലാക്കിയ സാമൂഹിക പരിഷ്കർത്താവ് :

(A) ശ്രീനാരായണഗുരു (B) മന്നത്ത് പത്മനാഭൻ

(C) അയ്യങ്കാളി (D) സഹോദരൻ അയ്യപ്പൻ

52. 'പ്രത്യക്ഷ രക്ഷാ ദൈവസഭ'യുടെ സ്ഥാപകൻ :

(A) വാഗ്ഭടാനന്ദൻ (B) കുമാരഗുരുദേവൻ

(C) സഹോദരൻ അയ്യപ്പൻ (D) ശ്രീനാരായണ ഗുരു

53. കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം :

(A) മലബാർ ലഹള (B) കുറിച്യർ ലഹള

(C) ആറ്റിങ്ങൽ കലാപം (D) പഴശ്ശി വിപ്ലവം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

54. 1939-ലെ തിരുവിതാംകൂർ രാജധാനി മാർച്ചിന് നേതൃത്വം നൽകിയ വനിത :

(A) ആനി മസ്ക്രീൻ
(B) അക്കാമ്മ ചെറിയാൻ
(C) കടത്തനാട്ടു മാധവിയമ്മ
(D) ആര്യാ പള്ളം

55. കേരളത്തിലെ ഉപ്പു സത്യാഗ്രഹത്തിന്റെ നേതാവ് :

(A) പി. കൃഷ്ണപിള്ള
(B) ടി.ആർ. കൃഷ്ണസ്വാമി അയ്യർ
(C) കെ. മാധവൻ നായർ
(D) കെ. കേളപ്പൻ

56. 2014 ലെ വയലാർ അവാർഡ് ജേതാവ് :

(A) പ്രഭാവർമ്മ
(B) എം.കെ. സാനു
(C) എം.ടി. വാസുദേവൻ നായർ
(D) കെ.ആർ. മീര

57. വി.എസ്.എസ്.സി.യുടെ പുതിയ ഡയറക്ടർ :

(A) ജി. മാധവൻ നായർ
(B) കെ. രാധാകൃഷ്ണൻ
(C) കെ.വി. തോമസ്
(D) എം. ചന്ദ്രദത്തൻ

58. 2014-ലെ അർജ്ജുന അവാർഡ് ജേതാവ് അല്ലാത്തത് ആര്?

(A) വി. ദിജു
(B) ടിന്റു ലൂക്ക
(C) സജി തോമസ്
(D) വിജയകുമാർ

59. കേരള സർക്കാരിന്റെ 'ശുഭയാത്ര 2015' പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡർ :

(A) മോഹൻലാൽ
(B) ദിലീപ്
(C) മുകേഷ്
(D) മമ്മൂട്ടി

60. അടുത്ത സമയത്ത് ലോക പൈതൃക സംസ്ക്കാരങ്ങളുടെ പട്ടികയിൽ ഇടം ലഭിച്ച കേരളത്തിലെ കൊട്ടാരം :

(A) കിളിമാനൂർ കൊട്ടാരം
(B) തൃപ്പൂണിത്തുറ കൊട്ടാരം
(C) പത്മനാഭപുരം കൊട്ടാരം
(D) അറയ്ക്കൽ കൊട്ടാരം

61. സിമന്റിന്റെ സെറ്റിങ് സമയം ക്രമീകരിക്കാൻ ചേർക്കുന്ന വസ്തുവാണ് :

(A) സൾഫർ
(B) അമോണിയം ഡൈക്രോമേറ്റ്
(C) സോഡിയം ക്ലോറൈഡ്
(D) ജിപ്സം

62. തെർമോസെറ്റിങ് പ്ലാസ്റ്റിക്കിന് ഉദാഹരണമാണ് :

(A) പി.വി.സി.
(B) ബേക്കലൈറ്റ്
(C) പോളിത്തീൻ
(D) മാലത്തിയോൺ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

63. നാളുകൾ കണക്കാക്കുന്നത് താഴെപ്പറയുന്നതിൽ ഏതിന്റെ സഞ്ചാരവുമായി ബന്ധപ്പെട്ടതാണ്?

(A) ഭൂമി (B) സൂര്യൻ

(C) ചന്ദ്രൻ (D) ഗ്യാലക്സി

64. എൽ.പി.ജി.യിലെ പ്രധാന ഘടകം ഏത്?

(A) ഈഥെയ്ൻ (B) ബ്യൂട്ടെയ്ൻ

(C) മീഥെയ്ൻ (D) ഹെക്സെയ്ൻ

65. പ്രാഥമിക വർണ്ണത്തിൽപ്പെടാത്തത് ഏത്?

(A) പച്ച (B) നീല

(C) മഞ്ഞ (D) ചുവപ്പ്

66. ബഹു ആറ്റോമിക തന്മാത്രയ്ക്ക് ഉദാഹരണമാണ് :

(A) ഹൈഡ്രജൻ (B) സോഡിയം

(C) ക്ലോറിൻ (D) സൾഫർ

67. ഒരു വസ്തുവിന്റെ ഭാരം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത് എവിടെയായിരിക്കുമ്പോഴാണ്?

(A) ഭൂമദ്ധ്യരേഖയിൽ (B) ഭൂകേന്ദ്രത്തിൽ

(C) ധ്രുവപ്രദേശങ്ങളിൽ (D) ആകാശത്തിൽ

68. ചലിച്ചു കൊണ്ടിരിക്കുന്ന വസ്തുവിനു മാത്രമേ ———————— ഉണ്ടാവുകയുള്ളൂ.

(A) വ്യാപ്തം (B) ആക്കം

(C) പിണ്ഡം (D) ജഡത്വം

69. കാർബൺ ആറ്റങ്ങൾക്ക് പരസ്പരം കൂടിച്ചേർന്ന് ചങ്ങലകൾ സൃഷ്ടിക്കാനുള്ള കഴിവാണ് :

(A) കാൽസിനേഷൻ (B) സ്വേദനം

(C) കാറ്റിനേഷൻ (D) അധിശോഷണം

70. വിഡ്ഢികളുടെ സ്വർണ്ണം എന്നറിയപ്പെടുന്ന പദാർത്ഥം ഏത്?

(A) ബോക്സൈറ്റ് (B) അയൺ പൈറൈറ്റിസ്

(C) സിൽവർ നൈട്രേറ്റ് (D) ഹേമറ്റൈറ്റ്

71. വന്യജീവി സംരക്ഷണവാരം ആചരിക്കുന്ന മാസം :

(A) ജൂൺ ആദ്യവാരം (B) സെപ്തംബർ ആദ്യവാരം

(C) ഒക്ടോബർ ആദ്യവാരം (D) നവംബർ ആദ്യവാരം



Join PSC WhatsApp Broadcast List : 90747 20773

72. ചിക്കുൻഗുനിയയ്ക്ക് കാരണമായ സൂക്ഷ്മജീവി :

(A) ബാക്ടീരിയ (B) വൈറസ്
(C) ഫംഗസ് (D) പ്രോട്ടോസോവ

73. മാതൃശിശു മരണനിരക്ക് കുറയ്ക്കുന്നതിനായി 2008 ൽ കേരളത്തിൽ ആരംഭിച്ച ആരോഗ്യ പദ്ധതി :

(A) ജനനി സുരക്ഷാ യോജന (B) ട്രൈബൽ ഹെൽത്ത്
(C) ആശ (D) ആർഷ്

74. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് സ്ഥിതിചെയ്യുന്നത് :

(A) തിരുവനന്തപുരം (B) കോഴിക്കോട്
(C) ന്യൂഡൽഹി (D) ബാംഗ്ലൂർ

75. ചോളത്തിൽ നിന്ന് വേർതിരിക്കുന്ന എണ്ണ :

(A) സൂര്യകാന്തി (B) പാംഓയിൽ
(C) വനസ്പതി (D) മാർഗറിൻ

76. ലോക ഭക്ഷ്യദിനം :

(A) ഒക്ടോബർ 16 (B) ജൂൺ 5
(C) ഡിസംബർ 10 (D) ജൂലൈ 11

77. സങ്കരയിനം കരിമ്പ് :

(A) T × D (B) H226
(C) G.G.3. (D) CO 419

78. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് കുറയുവാൻ സഹായിക്കുന്ന പ്രവർത്തനം :

(A) ജീവജാലങ്ങളുടെ ശ്വസനം (B) സസ്യങ്ങളിലെ പ്രകാശസംശ്ലേഷണം
(C) ജൈവവസ്തുക്കളുടെ ജീർണ്ണനം (D) ഇന്ധനങ്ങളുടെ ജ്വലനം

79. മനുഷ്യശരീരത്തിലെ രാസ ശുദ്ധീകരണശാല :

(A) ഹൃദയം (B) കരൾ
(C) വൃക്ക (D) ശ്വാസകോശം

80. രക്തത്തിന്റെ നിർമ്മിതിയ്ക്ക് ആവശ്യമായ ജീവകം :

(A) ജീവകം സി (B) ജീവകം കെ
(C) നിയാസിൻ (D) ഫോളിക്കാസിഡ്

PSCNET.in



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

81. ജലവാഹനത്തിൽ തീ പിടിച്ചാൽ അണക്കുന്നതിന് ഉപയോഗ്യമായത് :

(A) വെള്ളം
(B) കെമിക്കൽ പൗഡർ
(C) ഫോം ടൈപ്പ് അഗ്നിശമനി
(D) മുകളിൽ പറഞ്ഞവയെല്ലാം

82. ജലവാഹനത്തിന്റെ വലതുഭാഗത്തെ —————— എന്നു പറയുന്നു.

(A) സ്റ്റേൺ
(B) സ്റ്റെം
(C) സ്റ്റാർ ബോർഡ് സൈഡ്
(D) പോർട്ട് സൈഡ്

83. ജലവാഹനം സുരക്ഷിതമായി യാത്ര ചെയ്യാൻ ആ ജലവാഹനത്തിന്റെ ഏതു ഭാഗം വരെ ജലത്തിൽ മുങ്ങാം എന്നു കാണിക്കുന്ന അടയാളമാണ് :

(A) ലോഡ് ലൈൻ
(B) ബിൽജ്
(C) ഷിപ്പ് സൈഡ്
(D) ഹൾ

84. ജലവാഹനത്തിൽ ജോലി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

(A) സുരക്ഷ ഉറപ്പു വരുത്തുക
(B) ജലവാഹനം വൃത്തിയായി സൂക്ഷിക്കുക
(C) ജീവൻ രക്ഷാ ഉപകരണങ്ങളും അഗ്നിശമന ഉപകരണങ്ങളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക
(D) മുകളിൽ പറഞ്ഞവയെല്ലാം

85. നങ്കൂരത്തിന്റെ ഭാഗങ്ങളിൽപ്പെടുന്നത് :

(A) ഷാങ്ക്
(B) ഫ്ലൂക്ക്
(C) ക്രൗൺ
(D) മുകളിൽ പറഞ്ഞവയെല്ലാം

86. ബിൽജ് പമ്പ് വെള്ളം വലിക്കുന്നില്ല കാരണം :

(A) പമ്പിന്റെ ഫിൽറ്റർ അടഞ്ഞതു കാരണം
(B) പമ്പിന്റെ ക്ലിയറൻസ് കൂടിയത് കാരണം
(C) മോട്ടോറിന്റെ വേഗത കുറഞ്ഞതു കാരണം
(D) മുകളിൽ പറഞ്ഞവയെല്ലാം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

87. ടർബോ ചാർജ്ജർ എന്തിന് ഉപയോഗിക്കുന്നു?

(A) സൗണ്ട് കുറയ്ക്കാൻ
(B) വേഗത നിയന്ത്രിക്കാൻ
(C) എഞ്ചിന്റെ കാര്യക്ഷമത കൂട്ടാൻ
(D) പരിസര മലിനീകരണം നിയന്ത്രിക്കാൻ

88. ലൂബ് ഓയിൽ ഫിൽറ്ററിന്റെ ഉപയോഗമെന്ത്?

(A) ഓയിലിന്റെ മർദ്ദം നിയന്ത്രിക്കുന്നതിന്
(B) ഓയിലിന്റെ അഴുക്കുകൾ നീക്കുന്നതിന്
(C) ലൂബ് ഓയിലിന്റെ താപനില നിയന്ത്രിക്കുന്നതിന്
(D) മുകളിൽ പറഞ്ഞവയെല്ലാം

89. ഫ്യുവൽ ടാങ്കിൽ തീ പിടിച്ചാൽ ഏത് ഫയർ എക്സ്റ്റിംഗ്യൂഷർ ഉപയോഗിക്കും?

(A) ഫോം ടൈപ്പ്
(B) വാട്ടർ ടൈപ്പ്
(C) ഡ്രൈ പൗഡർ
(D) ഇവ ഒന്നുമല്ല

90. ക്രാങ്ക് കേസിൽ പൊട്ടിത്തെറിയുണ്ടാകാൻ കാരണം :

(A) പിസ്റ്റൺ റിംഗിന്റെ പ്രവർത്തനം ശരിയല്ലാത്തതിനാൽ
(B) ശരിയായ ലൂബ്രിക്കേഷൻ ലഭ്യമല്ലാത്തതിനാൽ
(C) ഫ്യുവൽ വാൽവ് ലീക്ക് ആകുന്നതിനാൽ
(D) മുകളിൽ പറഞ്ഞവയെല്ലാം

91. എഞ്ചിൻ സ്റ്റാർട്ട് ആകുന്നില്ല കാരണം :

(A) ബാറ്ററിയിൽ ചാർജ്ജ് ഇല്ല
(B) സ്റ്റാർട്ടിംഗ് മോട്ടോർ വർക്ക് ചെയ്യുന്നില്ല
(C) ഫ്യുവൽ എഞ്ചിനുള്ളിൽ എത്തുന്നില്ല
(D) മുകളിൽ പറഞ്ഞവയെല്ലാം

92. ജലവാഹനത്തിന്റെ ഗതി നിയന്ത്രിക്കുന്നതിന് ഉപയോഗിക്കുന്നത് :

(A) നങ്കൂരം
(B) റഡ്ഡർ/ചുക്കാൻ
(C) എഞ്ചിൻ
(D) റഡാർ

93. ലൈഫ് റാഫ്റ്റിൽ ———— ഒരുക്കിയിട്ടുണ്ട്.

(A) പ്രാഥമിക ശുശ്രൂഷ മരുന്ന്
(B) ഭക്ഷണം
(C) വെള്ളം
(D) മുകളിൽ പറഞ്ഞവയെല്ലാം

94. ഒരു ജലവാഹനത്തിന്റെ മുൻഭാഗത്തെ ———— എന്നു പറയുന്നു.

(A) സ്റ്റാർ ബോർഡ് സൈഡ്
(B) പോർട്ട് സൈഡ്
(C) സ്റ്റെം
(D) സ്റ്റേൺ



PSCNET.in
Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

95. വെള്ളത്തിന്റെ ആഴം അളക്കുന്ന ഉപകരണം ഏത്?

(A) റഡാർ (B) എക്കോസൗണ്ടർ

(C) റഡ്ഡർ (D) ജി.പി.എസ്.

96. ആൾട്ടർനേറ്ററിന്റെ ഉപയോഗമെന്ത്?

(A) എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതിന് (B) ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന്

(C) ടൈമിംഗ് ബെൽറ്റ് കറക്കുന്നതിന് (D) കറന്റ് എഞ്ചിനിലേക്ക് നൽകുന്നതിന്

97. ജലവാഹനത്തിന്റെ സ്റ്റിയറിംഗ് നിലച്ചു പോയാൽ എന്തു ചെയ്യും?

(A) എമർജൻസി സ്റ്റിയറിംഗ് ഉപയോഗിച്ച് ജലവാഹനം സുരക്ഷിതമായി കരയ്ക്കടുപ്പിക്കും

(B) കരയിൽ ഇടിച്ചു കയറ്റും

(C) എഞ്ചിൻ നിറുത്തും

(D) തടസ്സമുണ്ടാക്കുന്ന തരത്തിൽ നങ്കൂരമിടും

98. ഒരു ജലായനത്തിൽ നിയമ പ്രകാരം നടത്തേണ്ട സർവ്വേകൾ ഏതെല്ലാം?

(A) ഒരു ജലായനം സർവ്വീസ് നടത്തി തുടങ്ങുന്നതിനു മുമ്പുള്ള സർവ്വേ

(B) 12 മാസത്തിലൊരിക്കൽ നടത്തുന്ന ക്ലിപ്തകാലത്തേക്കുള്ള സർവ്വേ

(C) പ്രത്യേക സന്ദർഭങ്ങളിൽ ആവശ്യമായി വരുന്ന സർവ്വേ

(D) മുകളിൽ പറഞ്ഞവയെല്ലാം

99. എഞ്ചിന്റെ ശക്തി പങ്കയിലേക്ക് എത്തിച്ച് യാനത്തിന്റെ മുന്നോട്ടും പുറകോട്ടുമുള്ള ചലനമാറ്റം നിയന്ത്രിക്കുന്ന ഉപകരണം :

(A) ഗിയർ ബോക്സ് (B) പ്രൊപ്പല്ലർ ഷാഫ്റ്റ്

(C) റഡ്ഡർ (D) ജനറേറ്റർ

100. 2-സ്ട്രോക്ക് എഞ്ചിനിൽ ഒരു പ്രാവശ്യം പവ്വർ ഉൽപ്പാദിപ്പിക്കാൻ ഫ്ളൈ വീൽ എത്ര പ്രാവശ്യം കറങ്ങണം?

(A) 1 പ്രാവശ്യം (B) 2 പ്രാവശ്യം

(C) 3 പ്രാവശ്യം (D) 4 പ്രാവശ്യം



Join PSC WhatsApp Broadcast List : 90747 20773